(സി) മാനേജ്മെൻറ് കോളേജുകളിലെ ജീവനക്കാർക്ക് ശമ്പളമിനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം (1984-85) 24,33,09,141 രൂപ നൽകിയിട്ടുണ്ട്.

ടി.ടി.സിക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തതിലെ ക്രമക്കേട്

547. [748] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കൊല്ലം ഇമാം ഹുസൈൻ മെമ്മോറിയൽ ബേസിക് ട്രെയിനിംഗ് സ്കൂളിൽ ഈ വർഷം ടി.ടി.സി.ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തതിൽ ക്രമക്കേടു നടന്നതായുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചട്ടങ്ങളെ ലംഘിച്ച സ്കൂൾ അധികൃതർക്കെതിരെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൈക്കൊണ്ട ശിക്ഷണ നടപടി നിർത്തൽ ചെയ്തതായി അറിയുന്നത് ശരിയാണോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശരിയല്ല. എന്നാൽ ഡെപ്യൂട്ടി ഡയറക്ടർ എടുത്ത നടപടിയിൻ മേൽ ഗവൺമെൻറ് അടിയന്തിരമായ ഒരു വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ വിശദീകരണം കിട്ടി അതു പരിശോധിക്കുന്നതുവരെ മേൽ നടപടികളും നിറുത്തിവച്ചിരിക്കുകയാണ്.

കണ്ണൂർ ജില്ലയിൽ ആരംഭിക്കുന്ന എൻജിനീയറിംഗ് കോളേജ്

548. [749] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ അരംഭിക്കുന്ന എൻജിനീയറിംഗ് കോളേജിന് എത്ര ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളത് ;

(ബി) ആവശ്യമായത്ര ഭൂമി ഇതിനകം എവിടെയെങ്കിലും കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സ്ഥലം വിട്ടുകിട്ടുന്നതിന് ആവശ്യമായ നടപടികൾ എവിടംവരെയായി എന്നു വിശദമാക്കുമോ ;

(ഡി) ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള മങ്ങാട്ടുപറമ്പിൽ ആവശ്യമായത്ര സർക്കാർ ഭൂമി ലഭ്യമല്ലെന്നും ആയത് വ്യാവസായിക മേഖലയ്ക്കായി മരവിപ്പിച്ച ഭൂമിയാണെന്നുമുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പനയത്താം പറമ്പിലെ സഹകാര്യഭൂമി അക്വയർ ചെയ്ത് അവിടെ എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഏകദേശം 200 ഏക്കർ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly